**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4817** **11-08-2021 - ൽ മറുപടിയ്ക്ക്**

**നിയമസഭാ കേസിലെ വിചാരണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2015-ൽ നടന്ന നിയമസഭാ കൈയ്യാങ്കളി കേസിലെ പ്രതികൾ വിചാരണ നേരിടണമെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ടോ; | (എ) | മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/2015 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്തതും തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി.790/2016-ാം നമ്പരായി നിലവിലുള്ളതുമായ കേസിൽ CrPCയുടെ 321-ാം വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് പിൻവലിക്കുന്നതിൽ സർക്കാരിന് എതിർപ്പില്ലായെന്ന് ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. എന്നാൽ വിചാരണ കോടതി അനുമതി നൽകാത്തതിനെ തുടർന്ന് ബന്ധപ്പെട്ടവർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതി പ്രസ്തുത ആവശ്യം അംഗീകരിക്കാത്തതിനെതിരെ ടി കേസിലെ കക്ഷികൾ ബഹു.സുപ്രീംകോടതിയെ സമീപിക്കുകയുമുണ്ടായെങ്കിലും ബഹു.സുപ്രീം കോടതി ഹർജിക്കാരുടെ ആവശ്യം അംഗീകരിച്ചില്ല. ടി കേസിൽ ഇന്ത്യൻ ശിക്ഷാനിയമം 447, 427, r/w 34 ഉം PDPP Act 1984 വകുപ്പ് 3(1) എന്നീ വകുപ്പുകളുമാണ് പോലീസിന്റെ അന്തിമ റിപ്പോർട്ടിൽ ഉള്ളത്. |
| (ബി) | പ്രസ്തുത കേസിൽ ഏതൊക്കെ നിയമത്തിലെ എന്തൊക്കെ വകുപ്പുകൾക്കാണ് പ്രതികൾ വിചാരണ നേരിടണമെന്ന് സുപ്രീം കോടതി വിധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/2015 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്തതും തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി.790/2016-ാം നമ്പരായി നിലവിലുള്ളതുമായ കേസിൽ CrPCയുടെ 321-ാം വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് പിൻവലിക്കുന്നതിൽ സർക്കാരിന് എതിർപ്പില്ലായെന്ന് ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. എന്നാൽ വിചാരണ കോടതി അനുമതി നൽകാത്തതിനെ തുടർന്ന് ബന്ധപ്പെട്ടവർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതി പ്രസ്തുത ആവശ്യം അംഗീകരിക്കാത്തതിനെതിരെ ടി കേസിലെ |

| | | | |
|---|---|---|---|
| | | | കക്ഷികൾ ബഹു.സുപ്രീംകോടതിയെ സമീപിക്കുകയുമുണ്ടായെങ്കിലും ബഹു.സുപ്രീം കോടതി ഹർജിക്കാരുടെ ആവശ്യം അംഗീകരിച്ചില്ല. ടി കേസിൽ ഇന്ത്യൻ ശിക്ഷാനിയമം 447, 427, r/w 34 ഉം PDPP Act 1984 വകുപ്പ് 3(1) എന്നീ വകുപ്പുകളുമാണ് പോലീസിന്റെ അന്തിമ റിപ്പോർട്ടിൽ ഉള്ളത്. |
| (സി) | സംസ്ഥാനത്ത് പൊതുമുതൽ നശിപ്പിക്കുന്നത് കുറ്റകരമാകുന്നത് ഏതെല്ലാം നിയമപ്രകാരമാണെന്ന് അറിയിക്കുമോ? | (സി) | സാധാരണഗതിയിൽ കുറ്റകൃത്യത്തിന് അനുസൃതമായി 1860-ലെ ഇന്ത്യൻ പീനൽകോഡിലെ വകുപ്പകളും കൂടാതെ 1984-ലെ പൊതുസമ്പത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ നിയമത്തിലെ വകുപ്പകളും ആണ് ബാധകമാകുന്നത്. |

സെക്ഷൻ ഓഫീസർ